വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനം .

215 (2424) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി പ്രത്യേക ഘടക പദ്ധതിയനുസരിച്ച് 2013-14 - ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു ;

(ബി) 2014-15- ലെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു; ഇതുവരെ എത്ര തുക ചെലവഴിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക ഘടക പദ്ധതിയനുസരിച്ചുള്ള 2013-14-ലെ ബഡ്ജറ്റ് വിഹിതം 1,03,154.00 ലക്ഷം രൂപയും ചെലവ് 91,757.11313 ലക്ഷം രൂപയുമാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 124067.9 ലക്ഷം രൂപയും ചെലവഴിച്ച തുക 90,246.8367 ലക്ഷം രൂപയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

216 (2425) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly